Mr. C. Matthai.—It will be done in cases where the department finds that there is no redeeming circumstance justifying exemption.

Puthuval lands.

321. മിസ്റ്റർ പി. കുഞ്ഞുമുഹമ്മത്ത്.—(a) ഈ സംസ്ഥാനത്തിലെ സമുദ്രതീരങ്ങളിലുള്ള പുതുവൽ സ്ഥലങ്ങൾ തറവില വാങ്ങി പതിച്ചു കൊടുക്കുകയും കരം വസൂൽ ചെയ്യുകയും ചെയ്തുപോരുകയും ചെയ്തുപ്രകാരം കൈവശക്കാർ ആറാഴ്ച മുതലായതു വെച്ചുണ്ടാക്കി ഫലം കിട്ടുന്നതിന് മുമ്പായി ആ സ്ഥലങ്ങൾ സമുദ്രാക്രമണംകൊണ്ട് നശിച്ചുപോയതായി ഗവൺമെണ്ട് അറിഞ്ഞിട്ടുണ്ടോ;

(b) അങ്ങിനെയുള്ള സ്ഥലങ്ങളുടെ തറവില ഭൂമി ഉടമസ്ഥന്മാർക്ക് മടക്കികൊടുപ്പാൻ ഗവൺമെണ്ടിനു കമ്മറുണ്ടാകുമോ;

(c) തറവില മടക്കികൊടുപ്പാൻ ഗവൺമെണ്ട് തക്കമല്ലെങ്കിൽ ടി വസ്തുക്കളിന്മേൽ മുമ്പത്തീട്ടുള്ള നികുതി ഒഴിവാക്കുന്നതോടുകൂടി മേലാൽ ആ സ്ഥലങ്ങൾ കടൽവെച്ചുണ്ടാകുന്നപക്ഷം മുൻ ഉടമസ്ഥനുതന്നെ തറവില കൂടാതെ കൊടുക്കാമെന്ന് ഒരു ഉത്തരവ് ഗവൺമെണ്ട് സദയം നൽകുമോ?

റാവു സാഹിബ് മിസ്റ്റർ ടി. വി. കുസുമിരത്നയ്യർ.—(a) ഇങ്ങിനെ ചിലകൊല്ലങ്ങളിൽ സംഭവിച്ചിട്ടില്ലെന്നില്ല.

(b) തറവില മടക്കികൊടുക്കുന്നതു ന്യായമാണെന്നു ഗവൺമെണ്ടിനു തോന്നുന്നില്ല.

(c) പ്രത്യേകമായി ഒരു ഉത്തരവ് ഇപ്പോൾ ചെയ്യുകയുണ്ടായിട്ടില്ല.

The failure of crops due to floods.

322. **Mr. S. F. Nunez.**—Will the Government be pleased to state.—

(a) if it has received petitions from the ryots living in the vast areas to the south of the Karuvannur-Kurumali rivers (from Kattur to Kallur) complaining about the frequent failure of crops due to floods, and requesting the Government to take immediate effective measures in the matter;

(b) if so, will the Government be pleased to lay on the table copies of such petitions;

(c) has the Government so far taken any action in the matter;

(d) if not, will it be pleased to take immediate steps to prevent the recurrence of floods in the area mentioned in (a) and thus relieve the distress of the very large number of ryots living there?

Mr. V. K. Aravindaksha Menon.—(a) Yes.

(b) There have been a number of petitions and it serves no useful purpose to place copies of them on the table.

LIBRARY ARCHIVES Kerala Legislative Assembly

(c) Yes.

(d) The question of preventing or minimising the dangers due to floods in the area has received and is engaging the earnest attention of the Government.

Mr. S. F. Nunez.—May I know the number of petitions referred to in the answer?

Mr. V. K. Aravindaksha Menon.—I cannot say the exact number. A large number of petitions were received.

Mr. S. F. Nunez.—May I know the approximate date on which the first few petitions were received? How many years ago were they received?

Mr. V. K. Aravindaksha Menon.—I require notice. It is a long time ago.

Mr. S. F. Nunez.—Would it be 100 years?

Mr. V. K. Aravindaksha Menon.—No.

Mr. S. F. Nunez.—Would it be 50 years?

Mr. V. K. Aravindaksha Menon.—I require notice.

Mr. S. F. Nunez.—That is very important to the question. May I know the probable period during which they have been engaging themselves for the solution of this question? May I know when the Government took up the question first?

Mr. V. K. Aravindaksha Menon.—The exact date I am unable to say. But it must be 15 or 16 years ago.

Mr. S. F. Nunez.—Is the Government still engaged in the solution of this question?

Rao Sahib Mr. T. V. Kasturi Ranga Ayyar.—It is not an easy affair.

Mr. S. F. Nunez.—May I know when the Government will be in a position to arrive at a definite solution of the problem?

Mr. V. K. Aravindaksha Menon.—The Government is unable to hold out any definite promise as to when they will be able to solve this problem.

Mr. S. F. Nunez.—Have the Government any definite scheme in view as regards the solution?

Mr. V. K. Aravindaksha Menon.—Yes.

Mr. S. F. Nunez.—May I know in what shape that scheme is?

Mr. V. K. Aravindaksha Menon.—They are in the course of development.

Mr. S. F. Nunez.—How long will that development take to materialise?

Mr. V. K. Aravindaksha Menon.—I have already answered that question.

LIBRARY ARCHIVES Kerala Legislative Assembly

Mr. S. F. Nunez.—The answer was not as regards investigation. It was as regards carrying out of the work. There are two stages. One is to arrive at a solution and the other the execution of that solution. May I know how long the Government would take to find out a solution?

Mr. V. K. Aravindaksha Menon.—That also I cannot say definitely.

323. **Mr. S. F. Nunez.**—Will the Government be pleased to inform whether it has taken any actions on the resolutions passed unanimously at a meeting held on 9th Chingam 1100, in the Lower Secondary School at Pudukkad under the auspices of six local Panchayats (Parappukkara, Kattur, Poruttusseri, Kodakara, Varantrapilli and Trikkur) representing 21 villages, and submitted to the Government by a deputation appointed at that meeting;

(b) will the Government be pleased to lay on the table a copy of those resolutions?

Mr. V. K. Aravindaksha Menon.—The question of relieving the distress due to floods is receiving the earnest attention of the Government.

(b) *Vide Appendix I.*

The canal dues of Tiruvanchikulam.

324. **Mr. N. Padmanabha Menon.**—Will the Government be pleased to state whether any portion of the canal dues of Tiruvanchikulam is given to the Cranganur principality; if not, why not?

Mr. A. K. Vengu Ayyar.—No. Government are considering if it is entitled to a portion of such receipts.

The population, literacy, etc., of the Pazhanji Village.

325. **Mr. K. T. Mathew.**—Will the Government be pleased to state.—

(a) the population of Pazhanji village,

(b) the percentage of literacy in that village,

(c) the amount of Land Revenue and other taxes collected from the village by the Government in the year 1101,

(d) the amount spent by the Government in that year for that village?

Rao Sahib Mr. T. V. Kasturi Ranga Ayyar.—(a) to (d). According to the last census, the population of the village was 4,338. The total land revenue collected from the village in 1101 amounted to Rs. 4,242—2—9. Information regarding village-war statistics of literacy, of revenue other than land revenue collected, and of expenditure incurred is not available.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I.

(Vide Answer to Question No. 323.)

Copy of resolutions passed at the meeting held on 9th Chingam 1100 in the Lower Secondary School at Pudukkad under the auspices of six local Panchayats (Parappukkara, Kattur, Porattisseri, Kodakara, Varandarappalli and Trikkur).

കാട്ടൂർ, കാറളം, പൊറത്തിശ്ശേരി, മാടായിക്കോണം, പൂമ്പോത്ത്, മരിയാട്ട്, ആനന്ദപുരം, കൊടകര, മാറത്തൂർ, നന്തിപുലം, മുപ്ലിയം, വരന്തരപ്പള്ളി, ആമ്പല്ലൂർ, കല്ലൂർ, തൃക്കൂർ, നന്മണിക്കര, തൊറവ്, ചെങ്ങാമൂര, നെല്ലായി, പരപ്പുക്കര, തൊട്ടിപ്പാൾ എന്നീ വില്ലേജുകളിലെ നിവാസികളുടെ ഒരു പൊതുയോഗം പുത്തുക്കാട്ടുപള്ളി വികാരി ദിവ്യശ്രീ ഇ. പ്രാൻസിസ്സ് കത്തനാരവർകളുടെ അദ്ധ്യക്ഷതയിൽ 1100 ചിങ്ങം 9-ാംനു- പകൽ 3 മണിക്കു പുത്തുക്കാട്ടുപള്ളിവക ലോവർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിൽ വെച്ചു കൂടി സർവ്വസമ്മതമായി പാസ്സാക്കിയ പ്രമേയങ്ങൾ.

I.

ഈ കൊല്ലത്തെ ശക്തിയായ മലവെള്ളം നിമിത്തം ജനങ്ങൾക്ക് നേരിട്ടിട്ടുള്ള കഷ്ടനഷ്ടങ്ങളെ പരിഹരിക്കുവാൻ ഗവർമ്മെണ്ടിൽ നിന്നും ഇതേവരെ ചെയ്തിട്ടുള്ളതും ചെയ്യുവരുന്നതും ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതുമായ സഹായങ്ങൾക്കായി പ്രജാവത്സലനായ മഹാരാജാവു തിരുമനസ്സിലേയും ദിവാൻജി അവർകൾ മുതലായ ഉദ്യോഗസ്ഥന്മാരുടേയും നേരെ നിർവ്യാജമായ കൃതജ്ഞതയെ ഈ യോഗം ഹൃദയാർദ്രമായി പ്രദർശിപ്പിക്കുന്ന വിവരം രേഖപ്പെടുത്തുന്നു.

അവതാരകൻ	....	പാനികുളം കാക്കപ്പൻ.
അനുവാദകൻ	....	സി. കൃഷ്ണൻകുട്ടി.
സഹായകൻ	...	കുണ്ടനി കുഞ്ഞിട്ടിവൈദ്യൻ.

II.

മലവെള്ളത്താൽ പ്രതിവർഷം സംഭവിക്കുന്ന ദോഷത്തിൻ നിവൃത്തിമാർഗ്ഗം ഉണ്ടാക്കി തരുന്നതുവരെ കരുവന്നൂർ പുഴയുടെ വടക്കുഭാഗം ചിറവരിയിന്മേൽ സംഭവിച്ചിട്ടുള്ള കഴകം കെട്ടിക്കരുതെന്നും കെട്ടാൻ അനുവദിച്ചിട്ടുണ്ടെങ്കിൽ നിർത്തിവയ്പാൻ ഉത്തരവു കൊടുക്കേണമെന്നും ഗവർമ്മെണ്ടിനോടു ഈ യോഗം ബഹുമായി ആവശ്യപ്പെടുകയും താഴ്മയായി അപേക്ഷിക്കുകയും ചെയ്യുന്നു.

അവതാരകൻ	....	പാനികുളം കാക്കപ്പൻ.
അനുവാദകൻ	....	കൊട്ടവലെ അച്യുതൻ നമ്പ്യാർ.
സഹായകൻ	....	കുഴിള്ളി നാരായണൻ നമ്പൂരി.

III.

കൊടകരതാലൂക്കിലെ വടക്കതിയിലധികം ഭാഗങ്ങളിലെ കൃഷികൾക്കും മറ്റും നേരിട്ടിട്ടുള്ള ദുസ്സഹങ്ങളായ കഷ്ടനഷ്ടങ്ങളെപ്പറ്റി പരിഹരിക്കുന്നതിലുള്ള പണികൾ നടത്തിക്കുന്നതിൽ മെമ്പറും ദീക്ഷിക്കുകയും കരുവന്നൂർ പുഴക്കുള്ള വടക്കുഭാഗത്തുള്ളവരെ മാത്രം രക്ഷപ്പെടുത്തുവാനും തുപ്പി പ്പെടുത്തുവാനും വേണ്ടി ആറാട്ടുപുഴ ചിറവരിയിന്മേലുള്ള കഴകം കെട്ടിക്കുകയും ചെയ്യുന്നതായാൽ അതു നീതിക്കും ധർമ്മത്തിനും വിരുദ്ധവും വളരെ സങ്കടവും ആക്ഷേപവുമാണെന്നു ഗവർമ്മെണ്ടിനെ വിനയപുരസ്സരം ബോധിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അവതാരകൻ .. കയ്യിള്ളി നാരായണൻനമ്പൂതിരി.
അനുവാദകൻ ... മൂക്കനാട്ടുകാരൻ കുരിയപ്പൻ
സഹായകൻ .... മടത്തിവീട്ടിൽ കൊന്നുമേനോൻ.

IV.

മലവെള്ളത്താൽ പ്രതിവർഷം സംഭവിക്കുന്ന ദോഷത്തിന്റെ നിവൃത്തിക്കായി കുറുമാലി പുഴയുടെ ഇരുഭാഗവും കരുവന്നൂർ പുഴയുടെ തെക്കുഭാഗവും ഉള്ള ചിറവരമ്പുകളെ ബലപ്പെടുത്തി മാടിക്കുകയും വെള്ളം വാർത്തുകളയുന്നതിനും ആവശ്യമായാൽ കെട്ടി നിറുത്തുന്നതിനും ഉതകുന്ന പൊരും തോട്ടുകളും വിസ്താരപ്പെടുത്തി താഴ്ത്തിക്കുകയും മുരിയാടുകായലിൽ നിന്നു നമ്പ്യാങ്കാവുവഴി കാക്കഞ്ചേരുത്തി പുഴയിലേക്കും കൊന്നപ്പുലം കായലിൽ നിന്ന് കാട്ടൂർ വില്ലേജിന്റെ പടിഞ്ഞാറെ അതിരിലുള്ള പുഴയിലേക്കും ഓരോ തോട് താഴ്ത്തിക്കുകയും കരുവന്നൂർ പാലത്തിനു മുകളിൽ വെച്ചു് ഷട്ടർ പടിഞ്ഞാറ്, ചേനം കായൽവരെ ഒരു പുഴ കുത്തിക്കുകയും വേണ്ടതാണെന്നു് ഈ യോഗം ഗവർമ്മെണ്ടിനോടാവശ്യപ്പെടുകയും അപേക്ഷിക്കുകയും ചെയ്യുന്നു.

അവതാരകൻ .. മടത്തിവീട്ടിൽ കൊന്നുമേനോൻ.
അനുവാദകൻ .... വി. കെ. എം. ശങ്കരൻനമ്പൂതിരിപ്പാട്.
സഹായകൻ .... ടി. ആർ. സുബ്ബരാമയ്യൻ.

V.

തീവണ്ടിപ്പാതയിലും നാട്ടുപാതകളിലുമുള്ള ഓവുപാലങ്ങളിൽ ആവശ്യമുള്ളവയെ വീതികൂട്ടുകയും താഴ്ത്തുകയും ചെയ്യേണ്ടതാണെന്നും പുതുക്കാട്ടു റെയിൽവെ സ്റ്റേഷനടുത്തു് വടക്കുഭാഗത്തുള്ളതും ഇക്കൊല്ലത്തെ മലവെള്ളത്താൽ കേടുവന്നിട്ടുള്ളതുമായ പാലത്തെ സംബന്ധിച്ചു് പ്രത്യേകിച്ചും വേണ്ടതാണെന്നു് ഈ യോഗം ഗവർമ്മെണ്ടിനോടാവശ്യപ്പെടുകയും അപേക്ഷിക്കുകയും ചെയ്യുന്നു.

അവതാരകൻ .. തുക്കുർ നീലകണ്ഠശാസ്ത്രികൾ.
അനുവാദകൻ ... പുലിക്കൽ പാവുണ്ണി.
സഹായകൻ .. നമ്പണിക്കരമാളിയേക്കൽ കുഞ്ഞുകുത്താവു്.

VI.

മേൽ പ്രസ്താവിച്ച പ്രമേയങ്ങളാൽ ആവശ്യപ്പെടുന്ന പണികൾ നടത്തിക്കുന്നതിനു വിഷയത്തിൽ അന്വേഷണം നടത്തുന്നതിനും അഭിപ്രായമാകുന്നപക്ഷം കീഴ്നടപ്പുപോലെ ഓരോ ഡിപ്പാർട്ടുമെന്റുവഴിയായി പ്രത്യേകം പ്രത്യേകം അന്വേഷണം നടത്തി കാലം ദീർഘിപ്പിക്കുന്നതു് ഉചിതമാണെന്നും ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മിറ്റിയെ കഴിയും വേഗം ഏർപ്പെടുത്തി അന്വേഷണം പൂർത്തിയാക്കി അധികമധികം തിട്ടമുള്ളവയെ മുമ്പുമ്പായി പണി നടത്തിക്കേണ്ടതാണെന്നും ഈ യോഗം ഗവർമ്മെണ്ടിനോടു് ആവശ്യപ്പെടുകയും അപേക്ഷിക്കുകയും ചെയ്യുന്നു.

അവതാരകൻ .. ചേക്കാരൻ ജോസഫ്.
അനുവാദകൻ .... കുറുമാലിമഠത്തിൽ പൈതിനാഥയ്യർ.
സഹായകൻ .. കണ്ടായത്തു് നാരായണമേനോൻ.

VII.

ദാരിദ്ര്യം നിമിത്തം ഉഴലുന്ന ജനങ്ങൾക്കു് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനായി പഞ്ചായത്തുകൾ മുഖേന പണികൾ നടത്തിക്കുവാൻ ഗവർമ്മെണ്ടിനു് ഉദ്ദേശമുള്ളതായി കാണുന്നതിൽ ഈ യോഗം സന്തോഷിക്കുകയും പണി

LIBRARY ARCHIVES Kerala Legislative Assembly

കർശനം നടത്തിക്കാത്തതിൽ വിസമ്മതിക്കുകയും ഈ ഏർപ്പാടാരംഭിക്കുന്നതിലുള്ള താമസം ദുഃഖമാണെന്നറിവിക്കുകയും ജനങ്ങളിൽ അങ്കുരിപ്പിച്ച ആശയെ വിഫലമാക്കുന്നതായാൽ അത് വളരെ കഷ്ടമാണെന്ന് ഉപദേശിക്കുകയും മുണ്ടകൻ കൊയ്ത്തുവരെ ഈ ഏർപ്പാട് നിലനിർത്തണമെന്നുപേക്ഷിക്കുകയും ചെയ്യുന്നു.

അവതാരകൻ ... പുതുക്കാട്ടുപള്ളി അസിസ്റ്റൻറ് വികാരി
.. വി. അന്തപ്പു കത്തനാർ.
അനുവാദകൻ .... ഉറുമ്പത്തു ലോനപ്പൻ
സഹായകൻ ... മേലെമഠത്തിൽ രാവുണ്ണി നമ്പിടി.

VIII.

വിള നാശം വന്നിട്ടുള്ള നിലങ്ങളുടെ നികുതി കുറവുചെയ്ത് തരേണ്ടതാണെന്ന് ഈ യോഗം ഗവർമ്മെണ്ടിനോട് ആവശ്യപ്പെടുകയും അപേക്ഷിക്കുകയും ചെയ്യുന്നു.

അവതാരകൻ ... കുണ്ടിനി കുഞ്ഞിട്ടി വൈദ്യൻ.
അനുവാദകൻ .. മടത്തിവീട്ടിൽ പത്മനാഭമേനോൻ.
സഹായകൻ പുളിക്കൽ അന്തോണി.

IX.

പ്രസ്തുത സംഗതികളെസംബന്ധിച്ചും മറ്റും വേണ്ടതായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് അംഗങ്ങളെ വർദ്ധിപ്പിക്കുവാനുള്ള അധികാരത്തോടുകൂടി താഴെ പറയുന്നവരെ ഒരു കമ്മിറ്റിയായി ഈ യോഗം നിയമിക്കുകയും കമ്മിറ്റിയുടെ പ്രാരംഭയോഗം വിളിച്ചുകൂട്ടുന്നതിന് പറപ്പുക്കര വില്ലേജ് പഞ്ചായത്ത് പ്രസിഡണ്ടവർകളെ അധികാരപ്പെടുത്തുകയും ചെയ്യുന്നു.

കമ്മിറ്റി മെമ്പർമാർ.

1. കോട്ടത്ത് വില്ലേജ് പഞ്ചായത്ത് പ്രസിഡണ്ട് ആലപ്പാട്ട് പ്രാൻസിസ്കു അവർകൾ.
2. പാനികുളം കാക്കപ്പൻ അവർകൾ.
3. പൊറത്തിശ്ശേരി പഞ്ചായത്തു പ്രസിഡണ്ട് ടി. ആർ. സുബ്രഹ്മണ്യയ്യർ അവർകൾ.
4. തളിയത്തു പൈലോത്തു അവർകൾ.
5. കൊടകര പഞ്ചായത്തു പ്രസിഡണ്ട് എം. ഓസ്തരൻ നമ്പൂരി അവർകൾ.
6. അരിക്കാട്ടു രാമൻ മേനോൻ അവർകൾ.
7. വരന്തരപ്പള്ളി പഞ്ചായത്തു പ്രസിഡണ്ട് ടി. എ. രാമയ്യർ അവർകൾ.
8. കൊപ്പറമ്പിൽ കുഞ്ഞൻ നമ്പ്യാർ അവർകൾ.
9. തൃക്കൂർ പഞ്ചായത്തു പ്രസിഡണ്ട് വി. കെ. എം. ഭവദാസൻ നമ്പൂരിപ്പാട് അവർകൾ.
10. ടി. എ. രാമചന്ദ്രയ്യർ അവർകൾ.
11. പറപ്പുക്കര പഞ്ചായത്തു പ്രസിഡണ്ട് സി. കുഞ്ഞൻ കർത്താവു അവർകൾ.

LIBRARY ARCHIVES Kerala Legislative Assembly

12. മഠത്തിവീട്ടിൽ കൊണ്ണമേനോൻ അവർകൾ.

അവതാരകൻ .... വി. കെ. മ്മം. കൃഷ്ണൻ നമ്പൂരിപ്പാട്.

അനുവാദകൻ .... തേവർമഠത്തിൽ പരശുരാമയ്യർ.

സഹായകൻ .... പാറപ്പുറത്ത് പള്ളിവികാരി അക്കരെ ജോൺ കത്തനാർ.

X.

ഈ പ്രമേയങ്ങളെ മഹാരാജാവു് തിരുമനസ്സിലെ സമ്മതികായ്ക്കാരവർകൾക്കും, ദിവാൻജി അവർകൾക്കും, ദിവാൻപേഷ്കാർ അവർകൾക്കും, ചീഫ് എഞ്ചിനീയർ അവർകൾക്കും, കൃഷി പഞ്ചായത്ത് സൂപ്രഡെണ്ടവർകൾക്കും, മുകുന്ദപുരം താസിൽദാരവർകൾക്കും, മുകുന്ദപുരം മജിസ്ട്രേട്ടവർകൾക്കും അയച്ചുകൊടുക്കുവാനായി സഭാനാഥൻ അവർകളെ ഈ യോഗം അധികാരപ്പെടുത്തുന്നു.

അവതാരകൻ .... പള്ളത്തേരി മാധവൻ.

അനുവാദകൻ .... പുളിക്കൽ പാവുണ്ണി.

സഹായകൻ .... മഠത്തിവീട്ടിൽ കൊണ്ണമേനോൻ.

APPENDIX II.

(Vide Answer to Question No. 326.)

Particulars regarding assignment of *Puthuval poramboke* and Forest areas during the years 1097 to 1101.

Year	Assignment including bases to depressed classes								Assignment to other classes of people								Remarks
	Puthuval		Poramboke		Forest		Total		Puthuval		Poramboke		Forest		Total		
1097	16	49½	42	20	..	..	58	69½	173	56¾	42	16	272	33	488	50¾	The assignments to depressed classes were mostly in the form of leases with sufficient safeguards against alienation.
1098	6	38¼	45	02	.	..	51	40¼	122	25	41	29	240	05	403	59	
1099	2	86¼	24	63½	..	..	27	49¾	249	98	52	37	701	02	1003	37	
1100	1	67	6	92	..	..	8	59	49	74	28	90	96	61	175	25	
1101	2	77	9	04	..	..	11	81	83	40	63	82	370	48	517	70	

APPENDIX III.

(Vide Answer to Question No. 328.)

(1)

Vilvattam Panchayat.

		Rs.
1	Repairs to Karuthipara chira	551
2	,, Kuttikadambu chira ...	1,271
3	,, Perunthani chira	687

LIBRARY ARCHIVES Kerala Legislative Assembly